പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 154 18.06.2012-ൽ മറുപടിയ്ക്ക്

മതതീവ്രവാദം

**ചോദ്യം**

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ശ്രീ. എം. ഹംസ
ശ്രീമതി. കെ.കെ. ലതിക

(എ) സമൂഹത്തിൽ വർഗ്ഗീയതയും ജാതീയതയും പ്രചരിപ്പിക്കുന്ന പ്രവണത ശക്തിപ്പെട്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർഗ്ഗീയതയ്ക്കും ജാതീയതയ്ക്കും തീവ്രവാദത്തിനുമെതിരെ ജനങ്ങളിൽ അവബോധം വളർത്താൻ നടപടി സ്വീകരിക്കുമോ; ഇതിനായി എന്തെങ്കിലും കർമ്മ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ ?

**മറുപടി**

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വർഗ്ഗീയതയും ജാതീയതയും ശക്തി പ്രാപിച്ച സ്ഥലങ്ങളിൽ ഇവ തടയാൻ വേണ്ടിയും ജനങ്ങളിൽ അവബോധം വളർത്താൻ വേണ്ടിയും താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1) മതസൗഹാർദ്ദ അവലോകന യോഗങ്ങൾ, മത, രാഷ്ട്രീയ, സാമൂഹ്യ, സാമുദായിക നേതാക്കന്മാർ, ജില്ലാ ഭരണാധികാരികൾ, പോലീസ് ഉദ്യോഗസ്ഥർ, മറ്റു പ്രമുഖ വ്യക്തികൾ തുടങ്ങിയവരെയൊക്കെ പങ്കെടുപ്പിച്ചുകൊണ്ട് സമയബന്ധിതമായി നടത്തിവരുന്നു.

2) വർഗ്ഗീയ സംഘർഷങ്ങൾ രൂക്ഷമായ സ്ഥലങ്ങളിലെല്ലാം സുരക്ഷാ ക്യാമറകൾ സ്ഥാപിച്ച് പ്രത്യേകം നിരീക്ഷണം നടത്തുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

3) വർഗ്ഗീയ പ്രശ്നങ്ങൾക്ക് സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ സമർത്ഥരും പ്രാവീണ്യം തെളിയിച്ചവരുമായ പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു.

4) മതസൗഹാർദ്ദത്തിന് ഹാനികരമായ രീതിയിലുള്ള പെയിന്റിംഗുകൾ, തോരണങ്ങൾ, ചുവരെഴുത്തുകൾ

എന്നിവ നീക്കം ചെയ്യുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്.

5) സാമുദായിക അടിസ്ഥാനത്തിലുള്ള ബസ് വെയിറ്റിംഗ് ഷെഡ്ഡുകൾ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

6) വർഗ്ഗീയ സംഘർഷങ്ങൾ തടയുന്നതിനും മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കുന്നതിനുമായി 25.07.2005-ലെ സ.ഉ.(പി)നം.217/05/ആഭ്യന്തരം ഉത്തരവു പ്രകാരം സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

7) ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനും പുനരുദ്ധാരണം നടത്തുന്നതിനും ജില്ലാ അധികാരികളുടെ മുൻകൂർ അനുമതി നേടിയിരിക്കണമെന്ന വ്യവസ്ഥ കർശനമാക്കിയിട്ടുണ്ട്.

8) വർഗ്ഗീയത കൂടുതലായി പ്രചരിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കാസർഗോഡ് ജില്ലയിൽ, സാമുദായിക സംഘർഷം ഉൾപ്പെടെയുള്ള ഏത് അടിയന്തിര സ്ഥിതിയും നേരിടുന്നതിന് അവസരോചിതവും ഫലപ്രദവും സമയബന്ധിതവുമായ ഇടപെടൽ സാദ്ധ്യമാക്കുന്ന തരത്തിൽ കാര്യക്ഷമമായ പോലീസ് സംവിധാനം ഉറപ്പുവരുത്താൻ ഒരു സ്പെഷ്യൽ പോലീസ് പാക്കേജ് അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ജില്ലയിലെ പോലീസ് സേനയിലെ അംഗബലം വർദ്ധിപ്പിക്കുന്നതിനും മൊബൈൽ പോലീസ് സംവിധാനത്തിന് വാഹനങ്ങളും മറ്റ് അടിസ്ഥാനസൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനും ഈ സ്പെഷ്യൽ പാക്കേജിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

9) മതസൗഹാർദ്ദം വാഴുന്ന നല്ലൊരു സമൂഹത്തിനായി വിദ്യാർത്ഥികൾ, യുവജനങ്ങൾ, വനിതകൾ, മുതിർന്ന പൗരന്മാർ, റസിഡന്റ്സ് അസോസിയേഷനുകൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹകരണത്തോടെ

കാസർഗോഡ് ജില്ലാ പോലീസ് "പൊൻപുലരി" എന്ന പേരിൽ ഒരു സംരംഭം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ